# പത്രപരസ്യം

## സി.എ.ഐ.സി.ഡബ്ല്യു.എ , സി.എസ് തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

തിരുവനന്തപുരം: ചാർട്ടേർഡ് അക്കൌണ്ടൻസി, കോസ്റ്റ് ആന്റ് വർക്ക് അക്കൌണ്ടൻസി, കമ്പനി സെക്രട്ടറി തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം, ക്രിസ്ത്യൻ സിഖ്, ബുദ്ധ, പാഴ്സി തുടങ്ങിയ ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് സ്കോളർഷിപ്പുകൾ നൽകുന്നു. ഫൌണ്ടേഷൻ / കോമൺ പ്രൊഫിഷൻസി ടെസ്റ്റിന് പഠിക്കുന്നവർക്ക് 6000/- രൂപയും ഇന്റർ മീഡിയേറ്റ് / എക്സിക്യൂട്ടീവ്, ഫൈനൽ/ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 12000/- രൂപാ വീതവുമാണ് സ്കോളർഷിപ്പ്. അപേക്ഷകരുടെ വാർഷിക വരുമാനം രണ്ടര ലക്ഷം (Rs.2.5 lakhs) രൂപയിൽ കവിയരുത്. 20% സ്കോളർഷിപ്പുകൾ ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ടവർക്കും, 30% പെൺകുട്ടികൾക്കുമായി സംവരണം ചെയ്തിരിക്കുന്നു. ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന മുൻഗണന നൽകും. ന്യൂനപക്ഷക്ഷേമ വകുപ്പ് പ്രത്യേകം തയ്യാറാക്കിയ അപേക്ഷാ ഫാറത്തിലൂടെയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൌണ്ടൻസ് ഓഫ് ഇന്ത്യ / ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൌണ്ട്സ് ഓഫ് ഇന്ത്യ / ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യ തുടങ്ങിയ സ്ഥാപനങ്ങൾ നൽകുന്ന തിരിച്ചറിയൽ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഇതോടൊപ്പം ഹാജരാക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷ ഡയറക്ടർ, ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്, നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ സെപ്റ്റംബർ-30-നകം ലഭിച്ചിരിക്കണം. അപേക്ഷ അയയ്ക്കുന്ന കവറിനു മുകളിൽ സി.എ.ഐ.സി.ഡബ്ല്യു.എ , സി.എസ് സ്കോളർഷിപ്പ് എന്ന് പ്രത്യേകം എഴുതിയിരിക്കണം. അപേക്ഷാ ഫാറം www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റിൽ / ജില്ലാ കളക്ടറേറ്റുകളിലെ ന്യൂനപക്ഷക്ഷേമ സെക്ഷനിൽ നിന്നും, ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിലുള്ള എല്ലാ ജില്ലകളിലെയും കോച്ചിംഗ് സെന്ററുകളിൽ നിന്നും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 0471- 2302090, 2300523 എന്ന നമ്പറിലോ അല്ലെങ്കിൽ തിരുവനന്തപുരം-9497530740 കൊല്ലം (കരുനാഗപള്ളി)- 0476-2664217, കോട്ടയം (കാഞ്ഞിരപ്പള്ളി)-9447022088, പത്തനംതിട്ട (പേട്ട)-9447411090, ഇടുക്കി (തൊടുപുഴ)- 9447022088 എറണാകുളം (ആലുവ)-0484-262189, മലപ്പുറം (വേങ്ങര)-0494-2468176, (പൊന്നാനി) -0494-2667388, (പെരിന്തൽമണ്ണ)-9847821479, പാലക്കാട്-9446667542, കോഴിക്കോട് (പുതിയറ)-0495-2724610, വയനാട് (കൽപ്പറ്റ)-9556259169, കണ്ണൂർ (പയ്യന്നൂർ)-0498-5209677, കാസർഗോഡ് (ചെങ്കള)- 9446667542 എന്ന നമ്പറുകളിലോ ബന്ധപ്പെടുക.

**ഡയറക്ടർ**

എഫ്.എൻ01/08